പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

12-03-2021

<u>അച്ചടക്കനടപടി ഉൾപ്പെടുത്തി മാന്വൽ ഭേദഗതി ചെയ്യണം</u>

# മൂല്യനിർണയത്തിലെ പിഴവിന് നഷ്ടപരിഹാരം ചുമത്തണമെന്ന് ബാലാവകാശ കമ്മീഷൻ

പരീക്ഷ മൂല്യനിർണയത്തിൽ കൃത്യവിലോപം വരുത്തുന്ന അദ്ധ്യാപകരിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കി വിദ്യാർത്ഥികൾക്ക് നൽകണമെന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവായി. ഇതടക്കമുള്ള അച്ചടക്ക നടപടികൾ ഉൾപ്പെടുത്തി പരീക്ഷ മാന്വൽ ഭേദഗതി ചെയ്യണമെന്ന് പൊതു വിദ്യാഭ്യാസ സെക്രട്ടറി, ഡയറക്ടർ ജനറൽ, ഹയർ സെക്കൻഡറി പരീക്ഷാ വിഭാഗം ജോയിന്റ് ഡയറക്ടർ എന്നിവരോട് കമ്മീഷൻ ആവശ്യപ്പെട്ടു. മൂല്യനിർണയം നടത്തുന്ന അദ്ധ്യാപകരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന ഉപേക്ഷയും കുറ്റകരമായ അനാസ്ഥയും മൂലം വിദ്യാർത്ഥികൾക്കുണ്ടാകുന്ന അപരിഹാര്യമായ നഷ്ടങ്ങളെക്കുറിച്ച് ഇത്തരക്കാരായ അദ്ധ്യാപകരെ ഓർമപ്പെടുത്തുന്നതിനും കുറ്റകൃത്യം ആവർത്തിക്കാതിരിക്കുന്നതിനും കടുത്ത നടപടികൾ ആവശ്യമാണെന്ന് കമ്മീഷൻ അംഗം റെനി ആന്റണി പുറപ്പെടുവിച്ച ഉത്തരവിൽ വ്യക്തമാക്കി.

കൊല്ലം തൊടിയൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയത്തിനും എ പ്ലസ് കിട്ടിയ മകൾക്ക് ഇംഗ്ലീഷിന് മാത്രം ബി പ്ലസ് ആയതിനെ തുടർന്ന് നൽകിയ അപേക്ഷയാണ് ഉത്തരവിന് ആധാരമായത്. പരീക്ഷക്കടലാസിന്റെ സ്കോർ ഷീറ്റിൽ 65 മാർക്ക് ഉണ്ടായിരുന്നിട്ടും കുട്ടി എഴുതിയത് 43 എന്നാണെന്നും പുനർമൂല്യനിർണയത്തിൽ 72 മാർക്ക് ലഭിച്ചുവെന്നും പിതാവ് കമ്മീഷന് നൽകിയ പരാതിയിൽ ബോധിപ്പിച്ചു. പരീക്ഷ മൂല്യനിർണയം നടത്തിയ അദ്ധ്യാപകരുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ച മൂലം മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് കിട്ടിയ കുട്ടികൾക്കുള്ള അംഗീകാരം മകൾക്ക് ലഭിച്ചില്ലെന്നും മകൾക്ക് ഏറെ മനോവിഷമം ഉണ്ടാക്കിയതായും പറഞ്ഞു. നഷ്ടപരിഹാരമായി ഉത്തരവാദികളായ അദ്ധ്യാപികയിൽ നിന്നും ചീഫ് എക്സാമിനറിൽ നിന്നും 25,000 രൂപ വീതം ഈടാക്കി മൊത്തം 50,000 രൂപ ഹർജിക്കാരന്റെ മകൾക്ക് നൽകണമെന്നും കമ്മീഷൻ ഉത്തരവിട്ടു.

മാർക്കുകൾ കൂട്ടുന്നതിലെ ജാഗ്രതയില്ലായ്മ, പുനർമൂല്യനിർണയത്തിൽ 29 മാർക്ക് അധികം കിട്ടുന്ന സാഹചര്യം എന്നിവ അദ്ധ്യാപകരുടെ ഭാഗത്തുനിന്നുള്ള അക്ഷന്തവ്യമായ കൃത്യവിലോപമായി കണക്കാക്കണമെന്ന് കമ്മീഷൻ വിലയിരുത്തി. ഇത്തരം പിഴവുകൾ കുട്ടികളുടെ ആത്മാഭിമാനത്തെ തകർക്കുന്നതിനും ഉപരിപഠന സാദ്ധ്യതകൾ നഷ്ടപ്പെടുത്തുന്നതിനും കടുത്ത മാനസിക സംഘർഷങ്ങളിലേയ്ക്ക് നയിക്കുന്നതിനും ഇടവരുത്തുമെന്നും ചൂണ്ടിക്കാട്ടി.

**പബ്ലിക് റിലേഷൻസ് ഓഫീസർ**

*9227/02/LA1/2019/KeSCPCR, Dt: 12.03.2021*